


ശക്തമായി മഴ പെയ്യുന്ന രാത്രികളിൽ ഇവിടെ ജനങ്ങൾ ഉറങ്ങാതിരിക്കും. മാതാപിതാക്കളുടെ ഈ ഭയം കണ്ട് കുട്ടികളും ഞെട്ടി ഉണരുന്നു. അവർക്ക് സ്കൂളുകളിൽ ചെന്നാലും പഠിക്കാൻ തോന്നാറില്ല. പല കുട്ടികളും മാനസിക സംഘർഷത്തിലാണ് വളരുന്നത്. ചെറുപ്പക്കാരുടെ വിവാഹങ്ങൾ നടക്കുന്നില്ല. മുല്ലപ്പെരിയാർ ഡാമിന്റെ താഴ്‌വരകളിൽ സമരം തുടരുകയാണ്.

# മുല്ലപെരിയാർ
# ഭീതിയുടെ താഴ്‌വരയിലെ സമരമുഖം

ഫാ. റോബിൻ പേണ്ടാനത്ത്

താഴ്‌വാരങ്ങളെ മുഴുവൻ തകർത്തെറിഞ്ഞുകൊണ്ട് അണ പൊട്ടിപ്പിളരുന്ന ദുഃസ്വപ്നം അനുദിനം കണ്ടുണരുന്ന ഒരു ജനത മുല്ലപ്പെരിയാറിന്റെ താഴെ ചപ്പാത്ത് എന്ന സ്ഥലത്ത് 1300 ലധികം ദിവസങ്ങളായി പ്രതിഷേധസമരത്തിലാണ്.

എപ്പോൾ വേണമെങ്കിലും പൊട്ടിത്തകരാവുന്ന വിധത്തിൽ ക്ഷയിച്ചതാണ് മുല്ലപ്പെരിയാർ ഡാമിന്റെ നൂറ്റാണ്ട് പിന്നിട്ട ദുർബലമായ ഭിത്തി. 1895-ൽ പണി പൂർത്തിയാക്കപ്പെട്ട അണക്കെട്ടിന്റെ ബല പരിശോധനകൾ നിർമ്മാണത്തിനുശേഷം കാര്യമായി നടന്നിട്ടില്ല. സിമന്റോ കമ്പിയോ ഇല്ലാതെ നിർമ്മിച്ച ഡാമിലെ വിള്ളലിലൂടെ പ്രതിവർഷം 40 ടൺ എന്ന തോതിൽ കുമ്മായം ചോർന്നൊലിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. 1940 മുതലേ ഇതിന്റെ ചോർച്ച ഭയമുളവാക്കും വിധത്തിലായിരുന്നു.

വേനൽക്കാലത്ത് വെള്ളം താഴ്ന്ന് 109 അടിയിൽ എത്തുമ്പോൾ കല്ലുകൾക്കിടയിൽ തേച്ചിരുന്നു. സിമന്റ് അടർന്നുപോയ ഭാഗങ്ങളിൽ ദ്വാരങ്ങൾ കാണാം. മഴക്കാലത്ത് വെള്ളം ഉയരുമ്പോൾ ഡാമിലെ വെള്ളത്തിന്റെ മർദ്ദത്താൽ ഈ ദ്വാരങ്ങളിലൂടെ വെള്ളം പുറത്തേക്കു ഒഴുകുന്നത് നദിപോലെയാണ്. ഈ വർഷം കേരളത്തിൽ കാലവർഷം ശക്തമായതിനാൽ 130 അടിയിൽ കൂടുതൽ ജലം ഇപ്പോൾ ഉണ്ട്. ഇനിയും നവംബറിൽ കേരളത്തിൽ പെയ്യുന്ന തുലാവർഷത്തിൽ ഈ ഡാം നിറയാനാണ് സാധ്യത. പദ്ധതി പ്രദേശത്ത് പെയ്ത ശക്തമായ മഴമൂലം 23 മണിക്കൂറിനുള്ളിൽ 1.83 മീറ്റർവരെ ജലം ഉയർന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്.

മുല്ലപ്പെരിയാർ പൊട്ടിത്തകർന്നാൽ മുങ്ങിമരിക്കുകയല്ലാതെ താഴ്‌വാരങ്ങളിലെ നാൽപത് ലക്ഷം ജനങ്ങൾക്ക് മറ്റൊന്നും ചെയ്യാനില്ല. ഭീതിയുടെ നിഴലിൽ രാപ്പകലുകൾ തള്ളിനീക്കുന്ന ജനത ആയിരത്തിമുന്നൂറിലധികം ദിവസങ്ങളായി സമരമുഖത്താണ്.

**ദുഃസ്വപ്നങ്ങളുടെ പെരുമഴക്കാലം**

വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്ത് 1886 ഒക്ടോബർ 29 -ാം തീയതി, തമിഴ്നാട്ടിലെ മദ്രാസ് പ്രവിശ്യയിലെ ജലസേചനാവശ്യത്തിനായി ബ്രിട്ടീഷ് ഭരണാധികാരികളുടെ നിർബന്ധത്തിനും ഭീഷണിക്കും വഴങ്ങി 999 വർഷത്തെ കരാറോടെ നിർമ്മിച്ചതാണ് മുല്ലപ്പെരിയാർ ഡാം.

ഇടുക്കി ജില്ലയുടെ കിഴക്കേ അറ്റത്ത് പെരിയാർ നദിക്ക് കുറുകെ സമുദ്രനിരപ്പിൽനിന്നും 2855 അടി ഉയരത്തിലാണ് ഈ ഡാം സ്ഥിതിചെയ്യുന്നത്. ഡാമിന്റെ നീളം 1329 അടിയും ഉയരം 158 അടിയുമാണ്. ഡാമിന്റെ സംഭരണശേഷി 443.23 നു മില്യൻ ഘ.മീ. ജലമാണ്. 27 ച.കി.മീ വിസ്മൃതിയിലായി സംഭരണിയിലെ ജലം വ്യാപിച്ചു കിടക്കുന്നു. 114വർഷം പഴക്കമുള്ള ഈ ഡാം 30 മീറ്ററിലധികം ഉയരമുള്ള അണക്കെട്ടുകളിൽ ലോകത്തെ ഏറ്റവും പഴക്കമുള്ളതാണെന്ന് ഐക്യരാഷ്ട്രസഭ സാക്ഷ്യപ്പെടുത്തുന്നു. സൂർക്കി(ശർക്കര, ചുണ്ണാമ്പ്, കുഴമണ്ണ്) കുമ്മായത്തിൽ കരിങ്കല്ലുകൊണ്ട് നിർമ്മിക്കപ്പെട്ട ഒരു (ഗ്രാവിറ്റി) ഡാം ആണ് മുല്ലപ്പെരിയാറിലേത്. ഈ വിധത്തിൽ നിർമ്മിക്കപ്പെടുന്ന ഡാമുകളുടെ പരമാവധി ആയുസ്സ് 50-60 വർഷമാണ്.

മഴക്കാലത്ത് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവും ഇടുക്കിയിൽ സർവ്വസാധാരണമാണ്. കഴിഞ്ഞ 100 വർഷത്തിലെ രേഖകളനുസരിച്ച് നവംബർ മാസത്തിലാണ് ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദം ഏറ്റവും ശക്തമാവുന്നത്. കാലാവസ്ഥയിലെ ഈ അസ്ഥിരത പലപ്പോഴും പ്രതീക്ഷയിൽ കവിഞ്ഞ മഴയ്ക്ക് കാരണമാകുകയും, സംഭര




ണശേഷിയായ 136 അടിയിൽ ജലനിരപ്പ് നിർത്താൻ സാധിക്കാത്ത അവസ്ഥയും സൃഷ്ടിക്കാറുണ്ട്.

മുല്ലപ്പെരിയാർ ഡാമിൽനിന്നും 42 കി.മീ. താഴെ പെരിയാറിന്റെ കുറുകെയാണ് 700 മില്യൺ മീറ്റർ സംഭരണശേഷിയുള്ള ഇടുക്കി ഡാം. മുല്ലപ്പെരിയാർ ഡാമിനും ഇടുക്കി ഡാമിനും ഇടയിലായി 4 പഞ്ചായത്തുകൾ ഉണ്ട്. (വണ്ടിപ്പെരിയാർ, അയ്യപ്പൻകോവിൽ, ഉപ്പുതറ, കാഞ്ചിയാർ). ഇവിടെ 21000 ആളുകൾ താമസിക്കുന്നുണ്ട്. മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽപ്പോലും 314 മില്ല്യൻ ഘന മീറ്റർ വെള്ളം താഴെയുള്ള ഇടുക്കി ഡാം താങ്ങുമെന്ന് സുപ്രീംകോടതി പറയുന്നു. പക്ഷേ മുല്ലപ്പെരിയാർഡാമിനും ഇടുക്കിഡാമിനും ഇടയിൽ കഴിയുന്ന 4 പഞ്ചായത്തുകളിലെ ജനത്തിന്റെ ജീവൻ അപ്പോഴും തുലാസിലാണ്.

മുല്ലപ്പെരിയാർ ഡാം പൊട്ടിയാൽ 2855 അടി ഉയരത്തിൽനിന്നും താഴേക്ക് ഒഴുകുന്ന ജലപ്രളയത്തിന്റെ വേഗതയും അവ സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളും ആർക്കാണ് വിവരിക്കാൻ കഴിയുക? അണക്കെട്ടിൽനിന്നും 42 കി. മീ. അകലെ 700 മി. ഘ. മീ. സംഭരണശേഷിയുള്ള ഇടുക്കി സുരക്ഷിതമാണെങ്കിൽ കൂടിയും മറ്റ് ചെറു ഡാമുകൾക്ക് ക്ഷതം ഉണ്ടാക്കില്ല എന്ന് ആർക്കാണ് പറയാനാകുക? മറ്റൊന്ന് ലോകത്തിൽ, ഒരു ഡാമും നിർമ്മിക്കപ്പെട്ടിരിക്കുന്നത് പൊട്ടിവരുന്ന മറ്റൊരു ഡാമിനെ തടയാനുള്ള സുരക്ഷാസംവിധാനങ്ങളോടെയല്ല. അതിനാൽ ഇടുക്കി ഡാമിനും അറബിക്കടലിനും ഇടയിലുള്ള ജനങ്ങൾ തിങ്ങിപ്പാർക്കുന്ന എറണാകുളം ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകളും അപകട ഭീക്ഷണിയിലാണ്.

ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേഡ്സ് 2002 ലെ ഭൂകമ്പ സാധ്യതാ പ്രദേശങ്ങളിൽ കേരളം ഇന്ത്യയിലെ മൂന്നാമതാണ്. മുല്ലപ്പെരിയാർ ഡാമും ഇടുക്കിഡാമും സ്ഥിതിചെയ്യുന്നത് കേരളത്തിലെ ഏറ്റവും ചലനസാദ്ധ്യതയുള്ള അച്ചൻ കോവിൽ ഭ്രംശമേഖലയിലാണ്. 2000 ഡിസംബറിലും 2001 ജനുവരിയിലും 2006 ഒക്ടോബറിലും, 2009 ജൂണിലും ഈ ഭ്രംശമേഖലയിൽ ചലനങ്ങളുണ്ടായിട്ടുണ്ട്. കൂടെക്കൂടെയുണ്ടാകുന്ന ഭൂചലനങ്ങൾ ഡാമിന്റെ സുരക്ഷയെ സാരമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണസമയത്ത് ഭൂചലനസാധ്യത കണക്കിലെടുത്തിട്ടില്ലാത്തതിനാൽ മുല്ലപ്പെരിയാർ അണക്കെട്ടിന് ഭൂചലനങ്ങളെ പ്രതിരോധിക്കാൻ ശക്തിയുണ്ടോ എന്ന് ഗൗരവമായി പരിശോധിക്കണം.

ഒരു അപകടം ഉണ്ടായാൽ രക്ഷാപ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനങ്ങൾ ഇടുക്കിയിൽ വളരെ പരിമിതമാണ്. തേക്കടിയിൽ 48 പേരുടെ ജീവൻ അപഹരിച്ച ബോട്ടു ദുരന്തത്തിലൂടെ ഇത് ലോകം അറിഞ്ഞതാണ്. ജില്ലമുഴുവൻ നോക്കിയാലും 50 പേർക്ക് അടിയന്തര ശുശ്രൂഷ നല്കാനുള്ള സംവിധാനമില്ല.

ഡൽഹി ഐ.ഐ.ടിയും റൂർക്കി ഐ.ഐ.ടിയും ഈ ഡാം സുരക്ഷിതമല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം സുപ്രീം കോർട്ടിനു കൊടുത്ത വിശദീകരണത്തിൽ കേന്ദ്ര ഗവൺമെന്റും ഡാം സുരക്ഷിതമല്ല എന്ന് സമ്മതിച്ചതിന്റെ പശ്ചാത്തലത്തിൽ അടിയന്തിരമായി ദില്ലി ആസ്ഥാനമായുള്ള Centre for Soil and Meterials for Research Stationനെ കൊണ്ടോ Indian Navy വഴിയോ വിദേശ ഏജൻസി വഴിയോ അന്വേഷണം നടത്തി ഡാം സുരക്ഷിതമല്ലെങ്കിൽ എത്രയും വേഗത്തിൽ അപകടം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റ് മുൻകൈയെടുക്കേണ്ടതാണ്.

**സമരസമിതി ചെയ്യുന്നത്**

ഇപ്പോൾ സുപ്രീംകോടതി ഉന്നതാധികാര സമിതിയെ ഈ വിഷയം ഏൽപിച്ചിരിക്കുകയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ ഈ സമിതിയിയെ അറിയിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

തമിഴ്നാട്ടിലെ കർഷകരും കേരളത്തിലെ ജനങ്ങളുമായുള്ള ചർച്ചകൾ സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ജനത്തിന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്തമെന്നും തമിഴ്നാടിനു ജലം നല്കുന്നതിൽ കുറവു വരുത്തരുതെന്നും ഇരുകൂട്ടരും ഒന്നിച്ചു തീരുമാനിച്ചിട്ടുണ്ട്. ചർച്ചയുടെ രണ്ടാം ഘട്ടമായി ഗവൺമെന്റ് പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന് നേതൃത്വം നല്കുന്നത് ഇന്ത്യയിലെ ജലതർക്കങ്ങളെക്കുറിച്ച് പഠിക്കുകയും അതിന് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്ന Forum for policy dialogue on water conflicts in India എന്ന സംഘടനയാണ്.

ഓരോ ദിവസവും ഡാമിലെ ഭിത്തിയിൽ കൂടിയുള്ള ചോർച്ച വർദ്ധിച്ചു വരുകയാണ്. 116 അടി ജലം നില്ക്കുമ്പോൾപോലും അപകടകരമായ രീതിയിൽ ചോർച്ച കാണാം. അപ്പോൾ 136 അടിയിലും 142അടിയിലും ഒക്കെ എത്തിയാലുള്ള അവസ്ഥ ചിന്തിക്കുന്നതിലും അപ്പുറമാണ്. ജനത്തിന്റെ ഭീതി അകറ്റാനും പ്രശ്നത്തിന് ശാശ്വതവുമായ പരിഹാരം മുല്ലപെരിയാർ ഡാം എത്രയും വേഗം ഡീകമ്മിഷൻ ചെയ്യുക എന്നതാണ്.

***ബന്ധങ്ങൾക്ക്:***
***രക്ഷാധികാരി, മുല്ലപ്പെരിയാർ സമരസമിതി, 9961303053***

## ആവശ്യങ്ങൾ

1. ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മുല്ലപെരിയാർ ഡാം അടിയന്തിരമായി പൊളിച്ചുനീക്കണം
2. തമിഴ്നാടിന് ജലലഭ്യത ഉറപ്പുവരുത്തണം
3. രണ്ട് സംസ്ഥാനങ്ങളുടെയും താത്പര്യം സംരക്ഷിക്കുന്ന വിധത്തിൽ പതിയ കരാറും ഡാമും
4. നദിയുടെ താഴോട്ടുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കണം
5. പഴയ അണക്കെട്ടിന് പകരം ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാർ വിദഗ്ദ്ധ സമിതിയെ നിയമിക്കണം
6. പഴക്കമുള്ള എല്ലാ അണക്കെട്ടുകളുടെയും ബല പരിശോധന നടത്തണം